DESPATCHED
On..05/03/2020

10/1/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP. 1752*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *10607/എസ്.ഐ.സി-ജി 6/14*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.മഠത്തിൽ ചന്ദ്രൻ**<br>**പൊക്കിനാളിൽ,പറമ്പിൽക്കടവ്**<br>**പറമ്പിൽ പി.ഒ**<br>**കോഴിക്കോട്-673012** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&സെക്രട്ടറി**<br>**കക്കോടി ഗ്രാമപഞ്ചായത്ത്**<br>**കക്കോടി-673611**<br>2. **അപ്പീൽ അധികാരി ആന്റ്**<br>**ഡെപ്യൂട്ടി ഡയറക്ടർ**<br>**കോഴിക്കോട് ജില്ലാ പഞ്ചായത്ത്** | **എതിർകക്ഷികൾ** |

## ഉത്തരവ്

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുണ്ടെന്നും, ഫയലുകൾ പരിശോധിക്കാനുള്ള അവസരം നൽകിയിട്ടും ഹർജിക്കാരൻ അത് പ്രയോജനപ്പെടുത്തിയില്ലെന്നുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുവരും ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ ഹർജിക്കാരന് നൽകിയ മറുപടിയിൽ അപാകതയില്ലെന്നും മറുപടി നൽകിയതിനു പുറമേ ടിയാളുടെ ബന്ധപ്പെട്ട ഫയലുകൾ മുഴുവൻ പരിശോധിക്കുന്നതിന് എസ്.പി.ഐ.ഒ നൽകിയ അവസരം ടിയാൻ ഉപയോഗപ്പെടുത്തിയില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും സമർപ്പിച്ച രേഖകളും പരിശോധിച്ചതിൽ WP(C) No.7293/2008 നമ്പർ കേസിലെ ഹൈക്കോടതി ഉത്തരവ് പാലിക്കപ്പെട്ടില്ലെന്നുള്ള ഹർജിക്കാരന്റെ ആക്ഷേപം കണക്കിലെടുത്ത് ഒരു മാസത്തിനുള്ളിൽ കോടതി വിധി നടപ്പിലാക്കി കമ്മീഷനും ഹർജിക്കാരനും റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുകയും, 27.11.2019 ൽ കമ്മീഷനിൽ ലഭിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ പ്രസ്താവിച്ചത്, കമ്മീഷന്റെ നിർദ്ദേശപ്രകാരം ഫയലുകൾ പരിശോധന നടത്തിയതിൽ പ്രസ്തുത ഉത്തരവിൽ കേസിലെ 4,5 എന്നീ എതിർകക്ഷികളെയും പഞ്ചായത്ത് സെക്രട്ടറിയെയും നേർവിചാരണ ചെയ്ത് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന പരാതിയിൻമേൽ ആറാഴ്ചക്കകം തീർപ്പാക്കണമെന്നാണെന്നും, ആയതിൻപ്രകാരം നേർവിചാരണ നടത്തിയതിൽ പരാതിക്ക് അടിസ്ഥാനമില്ലെന്ന് കണ്ട് 07.04.2008 ലെ ഉത്തരവ് പ്രകാരം തീർപ്പാക്കിയതാണെന്നും കോടതി ഉത്തരവിന്റെയും മറ്റും പകർപ്പുകളും ഹാജരാക്കുന്നുവെന്നുമാണ്. പരാതിക്കാരന്റെ ഭൂമിയുടെ കൃത്യമായ അതിരും അളവും ലഭിക്കുന്നതിനായി പഞ്ചായത്ത് റവന്യൂ വകുപ്പിനാണ് അപേക്ഷ നൽകിയിരുന്നത് കോഴിക്കോട് താലൂക്ക് തഹസിൽദാർ ഫോം 10 ൽ യഥാവിധി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ഹർജിക്കാരനെ അറിയിച്ചുവെന്നും, 11.12.2009 ന് സ്ഥലം ഉടമകളെയും അറിയിച്ചുവെന്നും എന്നാൽ നാളിതുവരെ സ്ഥലം ഉടമകൾ അത്തരമൊരു അപേക്ഷ തഹസിൽദാർ മുമ്പാകെ ബോധിപ്പിച്ചതായി അറിയുന്നില്ല. പകരം പഞ്ചായത്ത് സെക്രട്ടറിയാണ്



res

സമർപ്പിക്കേണ്ടതെന്നാണ് വാദമെന്നും കണ്ട കമ്മീഷൻ പരാതി പരിഹാരമാണ് ഹർജിക്കാരന് വേണ്ടതെന്ന് വിലയിരുത്തുകയും ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് ഹർജിക്കാരനെ ബോധ്യപ്പെടുത്തുകയും നിർദ്ദേശങ്ങളെല്ലാം പാലിച്ചുവെന്ന എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് വിശ്വാസത്തിലെടുത്തുകൊണ്ട് ടി പരാതി ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്നുകണ്ട് ഇന്നേദിവസം 2020 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION



res